വെള്ളം, വൈദ്യുതി ഇവ മൂന്നും ലഭ്യമാക്കണം. അത് വേറൊരു സ്ഥാപനവുമായി ബന്ധപ്പെട്ടതാകാൻ പാടില്ല. അവരുടേതായ ഡിസൈനും പാറ്റേണും പൂർണ്ണമായി പാലിക്കാൻവേണ്ടിയാണിത്. മൂന്നോ നാലോ സ്ഥലങ്ങൾ അതുസംബന്ധിച്ച് നിർദ്ദേശിക്കാനാണ് പറഞ്ഞിരിക്കുന്നത്. നിരവധി നിർദ്ദേശങ്ങൾ വന്നിട്ടുള്ളതിൽ മൂന്നോ നാലോ സ്ഥലങ്ങൾ നിർദ്ദേശിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ സ്ഥാപനങ്ങൾക്ക് പൂർണ്ണമായ അവകാശത്തോടുകൂടി സ്ഥലം ഗവൺമെന്റിന് കിട്ടുകയെന്നുള്ളതാണ് ബുദ്ധിമുട്ടുള്ള കാര്യം. ഏതായാലും അതുൾപ്പെടെ പരിഗണിക്കുന്ന കൂട്ടത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യവും ആ ലിസ്റ്റിൽപ്പെടുത്തും. കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നും ഇതുപോലുള്ള ആവശ്യങ്ങൾ വന്നിട്ടുണ്ട്. എവിടെ വേണമെന്ന് അവസാനം തീരുമാനിക്കുന്നത് കേന്ദ്ര ഗവൺമെന്റാണെന്നാണ് കത്തിൽ അറിയിച്ചിരിക്കുന്നത്. ഏതായാലും സ്ഥലങ്ങൾ നിർദ്ദേശിക്കുന്ന അവസരത്തിൽ ഇക്കാര്യംകൂടി പരിശോധിക്കും.

2. തൊഴിൽ-വിദ്യാഭ്യാസ സംവരണാനുകൂല്യം

ശ്രീ. കെ. മുരളീധരൻ: സർ, കേരളത്തിലെ സാമൂഹ്യ പരിത്രത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുകയും നിരവധി പ്രഗത്ഭരെ സംഭാവന ചെയ്യുകയും ചെയ്ത ഒരു സാമൂഹ്യ വിഭാഗമാണ് തമിഴ് വേരുള്ള വെള്ളാള സമുദായം. 1964-ലെ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുമുൻപ് പിന്നോക്ക വിഭാഗമായി പരിഗണിക്കപ്പെട്ട് സംവരണത്തിന് അർഹതയുള്ളവരായിരുന്നു വെള്ളാള സമുദായം. എന്നാൽ സാങ്കേതിക കാരണങ്ങളുടെ പേരിൽ അന്ന് നഷ്ടപ്പെട്ട ഉദ്യോഗ-വിദ്യാഭ്യാസ രംഗങ്ങളിലെ സംവരണം വെള്ളാള സമുദായത്തിന് ഇതുവരെയും പുനഃസ്ഥാപിച്ച് കിട്ടിയിട്ടില്ല. 9.58.AM] ഭാഷയിലും സംസ്കാരത്തിലും തനതായ വ്യക്തിത്വം പുലർത്തുന്ന ഈ സമുദായത്തിലെ ഗണ്യമായ വിഭാഗം ഇന്ന് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലാണ്. അതിനാൽ ഈ സമുദായത്തിന്റെ സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയെപ്പറ്റി വിശദമായ പഠനം നടത്തി അവർക്ക് അർഹമായ സംവരണ-വിദ്യാഭ്യാസാനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് നൽകേണ്ടിയിരിക്കുന്നു. വെള്ളാള സമുദായാംഗവും കേരള രാഷ്ട്രീയ ഭരണരംഗങ്ങളിൽ സമുന്നത വ്യക്തിത്വവുമായിരുന്ന പി. എസ്. നടരാജപിള്ള സ്മാരക ഫൗണ്ടേഷന് സർക്കാർ നേരത്തെ അനുവദിച്ച 5 സെന്റ് സ്ഥലം എത്രയുംവേഗം നിർണ്ണയിച്ച് അലോട്ട് ചെയ്ത് നൽകേണ്ടതാണ്. എന്റെ നിയോജകമണ്ഡലത്തിലെ പേരൂർക്കടയിലാണ് പി. എസ്. നടരാജപിള്ള ജനിച്ചതും താമസിച്ചതും. അദ്ദേഹം തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സമുന്നതനായ നേതാവും തിരു-കൊച്ചി ധനകാര്യമന്ത്രിയും തിരുവനന്തപുരം എം.പി.-യുമായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് മഹാനായ ശ്രീ. സുന്ദരനാർ പിള്ളയുടെ പേരിൽ തിരുനെൽവേലിയിൽ മനോന്മണീയം സുന്ദരനാർ എന്ന ഒരു സർവ്വകലാശാല തന്നെയുണ്ട്. എന്നാൽ സ്വന്തം സമ്പത്തും ജീവിതവും നാടിന് സമർപ്പിച്ച ഈ മഹാത്മാക്കൾ ഇന്ന് നമ്മുടെ നാട്ടിൽ വേണ്ടവിധം അറിയപ്പെടുന്നില്ല. പി. എസ്. നടരാജപിള്ളയുടെ പേരിലുള്ള പേരൂർക്കടയിലെ അവഗണിക്കപ്പെട്ട് കിടന്ന ഒരു സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ഹൈസ്കൂളിൽ എന്റെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കുറേ വികസന പ്രവർത്തനങ്ങൾ നടത്തിയിരുന്നു. പി. എസ്. നടരാജപിള്ള സ്മാരക ഫൗണ്ടേഷൻ ഈ മേഖലയിൽ വളരെയധികം പ്രവർത്തനങ്ങൾ നടത്തുന്ന ഒരു സാമൂഹ്യ-സാമുദായിക സംഘടനയാണ്. അവർക്ക് 5 സെന്റ് സ്ഥലം അനുവദിച്ചുകൊണ്ട് നേരത്തെ ഉത്തരവായെങ്കിലും ഇതുവരെ ആ ഉത്തരവ് നടപ്പാക്കിയിട്ടില്ല. അത് അടിയന്തരമായി നടപ്പാക്കണം. കേരളത്തിലെ 2 ദശലക്ഷത്തിലധികം വരുന്ന വെള്ളാള സമുദായങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉന്നതിക്കായി സംവരണം ഉൾപ്പെടെയുള്ള ഫലപ്രദമായ നടപടികൾ സർക്കാർ നടപ്പിലാക്കണമെന്നും സമുദായംഗമായ പി. എസ്. നടരാജപിള്ള സ്മാരക ഫൗണ്ടേഷന് സർക്കാർ അനുവദിച്ച 5 സെന്റ് സ്ഥലം എത്രയും പെട്ടെന്ന് നിർണ്ണയിച്ച് നൽകണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട കെ. മുരളീധരൻ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഒരു സമുദായത്തെ
10.00.AM] ഉദ്യോഗസംവരണത്തിനുള്ള ഒ. ബി. സി. പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ആ സമുദായത്തിന്റെ സാമൂഹ്യ-സാമ്പത്തിക-പിന്നോക്കാവസ്ഥ സംബന്ധിച്ച് വിശദമായ പഠനം നടത്തിയതിനുശേഷം പ്രസ്തുത സമുദായത്തിൽപ്പെട്ടവർക്ക് സർക്കാർ/പൊതുമേഖലയിൽ ജനസംഖ്യാനുപാതികമായി മതിയായ പ്രാതിനിധ്യമില്ലെന്ന് കണ്ടെത്തിയാൽ മാത്രമേ ആ സമുദായം സംവരണത്തിന് അർഹരാകുന്നുള്ളൂ എന്നതാണ് നിലവിലുള്ള വ്യവസ്ഥ. വെള്ളാള സമുദായത്തിന്റെ പിന്നോക്കാവസ്ഥ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകാൻ സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ കിർത്താഡ്സ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കേന്ദ്ര സർക്കാർ നടത്തിയ സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസിന്റെ അന്തിമ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലും വെള്ളാള സമുദായം ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടാൻ അർഹരാണെന്ന് തെളിയുകയാണെങ്കിൽ പ്രസ്തുത സമുദായത്തെ ഒ.ബി.സി.-എസ്.ഇ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ ഗവൺമെന്റിന് സാധിക്കും. ആ റിപ്പോർട്ടിനു വേണ്ടി ഗവൺമെന്റ് കാത്തിരിക്കുകയാണ്, ഇത് ഉദ്യോഗസംവരണത്തിനു വേണ്ടിയാണ്. പക്ഷേ വിദ്യാഭ്യാസാനുകൂല്യം കൊടുക്കുന്നതിന് സംസ്ഥാനത്തിന് പിന്നെ സ്വാതന്ത്ര്യമുണ്ട്. വിദ്യാഭ്യാസാനുകൂല്യം ഇവർക്ക് നൽകുന്ന കാര്യം പ്രത്യേകം പരിശോധിച്ചുവരികയാണെന്ന് ബഹുമാനപ്പെട്ട മെമ്പറേയും സഭയേയും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പി. എസ്. നടരാജപിള്ള പൊതുരംഗത്തും രാഷ്ട്രീയ-ഭരണരംഗത്തുമെല്ലാം നിർണ്ണായകമായ പങ്കുവഹിച്ച ഒരു നേതാവാണ്. അദ്ദേഹത്തിന് സ്മാരകം നിർമ്മിക്കുന്നതിന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുസംബന്ധിച്ചുള്ള റിപ്പോർട്ട് കിട്ടിയാലുടൻ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly